# ST GEORGE BASILICA, ANGAMALY

(ARCHDIOCESE OF ERNAKULAM-ANGAMALY)

Angamaly-683 572, Ernakulam Dist , Kerala, South India Tel :0484-2452678
Email: rector Angamaly@gmail.com Visit : www. Angamaly basilica.com

Date: 15/03/2020

പ്രിയ മാതാപിതാക്കളെ,

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഈ വർഷം പ്രഥമ ദിവ്യകാരുണ്യസ്വീകരണവും സ്ഥൈര്യലേപനവും സ്വീകരിക്കാനുള്ള കുട്ടികളുടെയും മാതാപിതാക്കളുടെയും ആദ്യ മീറ്റിങ്ങ് മാറ്റി വയ്ക്കുകയാണ്. പകരമായി ഏതാനും കാര്യങ്ങൾ നിർദ്ദേശങ്ങളായി അറിയിക്കുന്നു.

1. 2020 മെയ് 03 ഞായറാഴ്ച്ച രാവിലെ 8.30 ന് ആണ് ചടങ്ങുകൾ തീരുമാനിച്ചിരിക്കുന്നത്.
2. മക്കൾക്ക് ഏറ്റവും അടുത്ത ഒരുക്കം നൽകുകയും ആത്മീയമായി അവരെ വളർത്തുകയും ചെയ്യുക എന്ന വലിയ ഉത്തരവാദിത്വം മാതാപിതാക്കൾ അലംഭാവം കൂടാതെ ഏറ്റെടുക്കണം. എല്ലാവരും ഒരുമിച്ചുള്ള സന്ധ്യാപ്രാർത്ഥന, ബലിയർപ്പണം തുടങ്ങി നിരവധി കാര്യങ്ങൾ ഇതിനായി നിങ്ങൾ ക്രമീകരിച്ച് നടപ്പാക്കണം.
3. മാർച്ച് 16 തിങ്കളാഴ്ച്ച മുതൽ ബസിലിക്ക ബുക്ക് സ്റ്റാളിൽനിന്ന് ആദ്യ കുർബാന സ്വീകരണം, നമസ്കാരങ്ങൾ എന്നീ രണ്ടു പുസ്തകങ്ങൾ വാങ്ങണം.
4. ഏപ്രിൽ 17-ാം തിയതി വെള്ളിയാഴ്ച്ച കുട്ടികൾക്ക് വാചിക പരീക്ഷ നടക്കും (Oral Examination). പരീക്ഷക്ക് കുട്ടികളോടൊപ്പം മാതാപിതാക്കളും വരണം. ആദ്യ കുർബാന സ്വീകരണ പുസ്തകത്തിലെ 15 പാഠങ്ങളും, നമസ്കാര പുസ്തകത്തിൽ നിന്ന് ഒന്നുമുതൽ 34 വരെയുള്ള നമസ്കാരങ്ങളും (കുരിശടയാളം മുതൽ തിരുഹൃദയ ജപമാല വരെ) പരീക്ഷയ്ക്ക് പഠിയ്ക്കണം. ഇതിനായി പ്രത്യേകം ക്ളാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.
5. പരീക്ഷയ്ക്കായി വരേണ്ടസമയം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതാപിതാക്കൾ രണ്ടുപേരും (ചടങ്ങിൽ കുട്ടിയുടെ ഇടത്തും വലത്തും നിൽക്കേണ്ടവർ) കുട്ടികളോടൊപ്പം പരീക്ഷയ്ക്ക് ഉണ്ടാകേണ്ടതിനാൽ സമയം പ്രത്യേകം ശ്രദ്ധിക്കുക.
6. പരീക്ഷക്ക് നന്നായി പഠിച്ച് 80 ശതമാനത്തിലധികം മാർക്ക് വാങ്ങുന്നവർക്ക് മാത്രമേ ഈ വർഷം പ്രഥമ ദിവ്യകാരുണ്യസ്വീകരണവും സ്ഥൈരലേപനവും സ്വീകരിക്കാനുള്ള അനുവാദം നൽകുകയുള്ളൂ.
7. പരീക്ഷയുടെ റിസൽട്ട് ഏപ്രിൽ 20-ാം തിയതി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും
8. കൂദാശ സ്വീകരണത്തിനായി തെരഞ്ഞെടുക്കുന്നവർക്കുള്ള പൊതുവായ ക്ളാസ്സുകൾ ഏപ്രിൽ 27 -ാം തിയതി മുതൽ മെയ് 1 വരെ നടക്കും. സമയം രാവിലെ 6 മുതൽ 10.30 വരെ. മെയ് 2 ന് രാവിലെ കുമ്പസാരം, വൈകിട്ട് പ്രാക്ടീസ്.
9. ആഘോഷങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം പരീക്ഷയ്ക്ക് ശേഷം ഒരുമിച്ച് കൂടി തീരുമാനിക്കാം. ഇപ്പോൾ ആത്മീയമായ ഒരുക്കവും പഠനവുമായിരിക്കണം ശ്രദ്ധിക്കേണ്ടത് . എന്നാൽ ഡ്രസ് കോഡ് പലരും ചോദിക്കുന്നതിനാൽ അത് കഴിഞ്ഞ വർഷത്തേത് പോലെ തന്നെ തീരുമാനിക്കുന്നു.

Boys: കറുത്ത പാന്റ്സ് , വെള്ള ഷർട്ട് (കോട്ട് ഇല്ല), ഷൂ (കറുപ്പ്), സോക്സ് (വെള്ള).

Girls: വെള്ള ഫുൾ ഉടുപ്പ്, നെറ്റ് (3ലെയർ), സോക്സ് (വെള്ള), ചെരുപ്പ്, ഗ്ലൗസ് ഇല്ല.

നമ്മുടെ കുടുംബത്തിന് ദൈവം തരുന്ന ഈ അനുഗ്രഹീത നിമിഷത്തിനായി ഏറ്റം അനുയോജ്യമായി നമുക്ക് ഒരുങ്ങാം.

എനിക്ക് വേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കുക.

ഏറ്റം സ്നേഹത്തോടെ,

വികാരിയച്ചൻ

ഫാ. ജിമ്മി പൂച്ചക്കാട്ട്